DESPATCHED
On 29/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 399(2)/2021**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **9150**/എസ്.ഐ.സി-ജി 6/21)
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ജോസഫ് വി.കെ. (സിബി വാഴക്കാല),
മെമ്പർ, അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത്,
ആനപ്പന്തി, അങ്ങാടിക്കടവ് പി.ഒ.,
കണ്ണൂർ ജില്ല. } പരാതി ഹർജിക്കാരൻ

**Vs**

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സെക്രട്ടറി,
അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത്,
അങ്ങാടിക്കടവ് പി.ഒ., കണ്ണൂർ ജില്ല,
പിൻ – 670 706. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04.01.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 19.04.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | - |
| അപ്പീലിന് മറുപടി നൽകിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 12.08.2021 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 12.08. 2021 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. ജോസഫ് വി.കെ., 12.08.2021ന് സമർപ്പിച്ച പരാതി ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.399(2)/21/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2) പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്. ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

3) പരാതി ഹർജിക്കാരൻ 04.01.2021ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1. അയ്യങ്കുന്ന് ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിൽ 2018-19, 2019-2020, 2020-2021 സാമ്പത്തിക വർഷങ്ങളിൽ മഹാത്മാ ഗാന്ധി റൂറൽ എംപ്ലോയ്മെന്റ് പ്രോഗ്രാം (ഗ്രാമീണ തൊഴിലുറപ്പു പദ്ധതി) യിൽ ഉൾപ്പെടുത്തി നിർമ്മിച്ചതും നിർമ്മിതി പൂർത്തിയാക്കാത്തതുമായ കോൺക്രീറ്റ് റോഡുകളുടെ ഇനം തിരിച്ചുള്ള ലിസ്റ്റ് നൽകണമെന്നും

2. ടി പ്രവർത്തികളിൽ ഓരൊന്നും ഏറ്റെടുത്ത കരാറുകാരന്റെ പേരും, ടി പ്രവർത്തികളുടെ ഡീറ്റെയ്ൽഡ് എസ്റ്റിമേറ്റുകളുടെയും എം.ബുക്കുകളുടെയും ഓഫീസ് കോപ്പിയുടെ പകർപ്പ്, ടി വർക്കുകൾക്ക് ബില്ല് നൽകിയിട്ടുണ്ടെങ്കിൽ ടി ബില്ലുകളുടെയും ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള മറ്റു അനുബന്ധ രേഖകളുടെയും പകർപ്പ് നൽകണമെന്നും

3. മേൽപ്പടി പ്രവർത്തികൾക്ക് മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്നതിന് ടെൻഡർ പ്രകാരം ഏറ്റെടുത്ത കമ്പനി/വ്യക്തികളുടെ വിവരങ്ങളും ടി കരാറിന്റെ/കരാറുകളുടെ പകർപ്പ് എന്നിവ നൽകണമെന്നും

4. ടി പ്രവർത്തികളുടെ ബില്ലുകൾ പാസ്സാക്കുന്നതിനായി പ്രവർത്തികൾ പരിശോധിച്ച ഉദ്യോഗസ്ഥന്റെ/ഉദ്യോഗസ്ഥരുടെ ഔദ്യോഗിക പദവിയും പേരും നൽകണമെന്നും 01.04.2018 മുതലുള്ള വിവരങ്ങളാണ് ടിയാൻ ആവശ്യപ്പെട്ടതെന്നുമാണ്.

ആയതിന് 19.04.2021 ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളുടെ പകർപ്പ് ലഭിക്കുന്നതിന് 9280/- രൂപ ടി ഓഫീസിൽ ഒടുക്കേണ്ടതാണെന്നും ആയത് ഒടുക്കുന്ന മുറയ്ക്ക് പകർപ്പ് ലഭ്യമാക്കുമെന്നുമാണ് അറിയിച്ചത്.

4) 27.10.2021 തീയതി കമ്മീഷൻ കണ്ണൂർ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ചു നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു.

5) പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷിക ളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകി. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യ പ്പെട്ട രേഖകൾക്ക് ഭീമമായ തുക ഒടുക്കണമെന്ന് ആവശ്യപ്പെടുകയും എത്ര പേജു ണ്ടെന്നോ പേജൊന്നിന് എത്ര തുക ഒടുക്കണമെന്നോ അറിയിച്ചിരുന്നില്ലെന്നുമാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കമ്മീഷൻ താഴെപ്പറുന്ന നിഗമനങ്ങളിൽ എത്തിച്ചേരുന്നു.

വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുന്നതിനു ഫീസ് ആവശ്യപ്പെടേണ്ടത് നിയമത്തിലെ 7(3)(a) വകുപ്പിൽ നിഷ്ക്കർഷിച്ചിട്ടുള്ള പ്രകാ രമാണ്. "വിവരങ്ങളുടെ പകർപ്പ് ലഭിക്കുന്നതിന് 9280/- രൂപ ഈ ഓഫീസിൽ ഒടുക്കേ ണ്ടതാണ്" എന്നു പരാതിക്കാരനു അറിയിപ്പ് നൽകിയതു എതിർകക്ഷിക്ക് വിവരാവ കാശ നിയമത്തിലെ വ്യവസ്ഥകളെക്കുറിച്ചുള്ള അജ്ഞതയാണ് വെളിപ്പെടുത്തുന്നത്. ആയതിനാൽ തെറ്റായ മറുപടി നൽകിയ എതിർകക്ഷിയെ കമ്മീഷൻ ശക്തമായി താക്കീതു ചെയ്യുകയും ഹർജിക്കാരനു നിയമം അനുശാസിക്കുന്ന പ്രകാരം വിവരം നൽകണമെന്നു നിർദ്ദേശിയ്ക്കുകയും ചെയ്യുന്നു.

6) മേൽ നിർദ്ദേശപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2021 നവംബർ 24-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)